# STD - V

## അദ്ധ്യാപക സഹായി

## പാഠം - പന്ത്രണ്ട്    സ്നേഹത്തിന്റെ കല്പന    ഭാഗം - ഒന്ന്

### ലക്ഷ്യം

യേശുവിന്റെ മാതൃക അനുസരിച്ച് വിനയത്തോടും ശുശ്രൂഷാ മനോഭാവത്തോടും കൂടെ സഹോദരരെ സ്നേഹിക്കുക. ഞാൻ എപ്പോഴും അപരനോട് കരുണയോടെ വർത്തിക്കും.

### പഠനസഹായികൾ

* പാഠഭാഗത്ത് നൽകിയിട്ടുള്ള വി. മദർ തെരേസയുടെ ജീവിതാനുഭവ സംഭവം വീഡിയോയായി (യൂട്യൂബ്) കാണിക്കുന്നു.
* യേശു ശിഷ്യരുടെ പാദങ്ങൾ കഴുകുന്ന ചിത്രം (യൂട്യൂബ് ചിത്രം)
* വചനം - മാർക്കോ. 12:30, മാർക്കോ. 12:31, യോഹ. 13:4-5, യോഹ. 13:12-15, 1 യോഹ. 4:21

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവം നമ്മുടെ സ്നേഹമുള്ള പിതാവാണ്.
* ദൈവത്തെ അറിഞ്ഞ് സ്നേഹിക്കാനും സേവിക്കാനും അവിടുന്ന് നമ്മെ സൃഷ്ടിച്ചു
* തന്റെ ഏകജാതനെ ലോകത്തിന് നൽകിയ സ്നേഹനിധിയായ ദൈവം
* മനുഷ്യർ പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു.
* എല്ലാറ്റിനുമുപരി ദൈവത്തെ സ്നേഹിക്കണം.

### പ്രാർത്ഥന

സ്നേഹനിധിയായ ദൈവമേ, പരസ്പരം സ്നേഹിച്ചും ശുശ്രൂഷിച്ചും വിനയമാതൃകയിൽ ജീവിക്കാൻ വേണ്ട കൃപകൾ നൽകണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

### ചോദ്യങ്ങൾ

1. ഏതാണ് ഏറ്റവും വലിയ കല്പന?
2. ദൈവം എപ്രകാരമാണ് തനിക്ക് ലോകത്തിനോടുള്ള സ്നേഹം പ്രകടമാക്കിയത്?

3. ദരിദ്രയായ സ്ത്രീ മദർ തെരേസയോട് പറഞ്ഞത് എന്ത്?
4. നാം എങ്ങനെയാണ് മറ്റുള്ളവരെ സ്നേഹിക്കേണ്ടത്?
5. നാം എങ്ങനെയാണ് ദൈവത്തെ സ്നേഹിക്കേണ്ടത്?

# STD - V

## അദ്ധ്യാപക സഹായി

## പാഠം - പന്ത്രണ്ട്   സ്നേഹത്തിന്റെ കല്പന   ഭാഗം - രണ്ട്

### ലക്ഷ്യം

നാം നമ്മെ സ്നേഹിക്കുന്നതുപോലെതന്നെ മറ്റുള്ളവരെയും സ്നേഹിക്കണം. സ്നേഹം സൽവോത്കൃഷ്ടം. യേശുവിന്റെ മാതൃക അനുസരിച്ച് വിനയത്തോടുകൂടെ എല്ലാവരെയും സ്നേഹിക്കും.

### പഠനസഹായികൾ

* വീഡിയോ - നല്ല സമരിയാക്കാരൻ - യൂട്യൂബ്
* ചിത്രം - യേശുവിന്റെ അന്ത്യത്താഴം
* വചനം - ലൂക്കാ. 10:25-37 (നല്ല സമരിയാക്കാരൻ), മത്താ. 25:40

### പാഠത്തിന്റെ ഉള്ളടക്കം

* യേശു ശിഷ്യരോടൊത്ത് അന്ത്യത്താഴം
* ശിഷ്യരുടെ പാദങ്ങൾ കഴുകിയ യേശുവിന്റെ വിനയത്തിന്റെ മാതൃക
* യേശു നൽകിയ സ്നേഹത്തിന്റെ കല്പന
* ശത്രുക്കളെപ്പോലും സ്നേഹിക്കുന്ന യേശു
* ക്രിസ്തു സ്നേഹത്തിന്റെ പാരമ്യം
* യേശുവിന്റെ മാതൃക അനുസരിച്ച് വിനയത്തോടും ശുശ്രൂഷാ മനോഭാവത്തോടും കൂടെ സഹോദരരെ സ്നേഹിക്കണം.

### പ്രാർത്ഥന

ദൈവമേ, എല്ലാറ്റിനുമുപരിയായി അങ്ങയെ സ്നേഹിക്കുവാനും ഞങ്ങളെപ്പോലെ ഞങ്ങളുടെ അയൽക്കാരെ സ്നേഹിക്കാനും ഞങ്ങളെ അനുഗ്രഹിക്കേണമേ, ആമ്മേൻ.

### ചോദ്യങ്ങൾ

1. യേശു ശിഷ്യർക്കു നൽകിയ മാതൃകയെന്ത്?
2. ക്രിസ്തു സ്നേഹത്തിന്റെ പാരമ്യമെന്ത്?

3. യേശുവിന്റെ ശത്രു സ്നേഹം പ്രകടമാകുന്ന രംഗങ്ങളേവ?
4. നമുക്ക് എങ്ങനെ സ്നേഹത്തിന്റെ പ്രവാചകരാകാം?
5. ഏതെല്ലാം പ്രവൃത്തികളിലൂടെ നമുക്ക് മറ്റുള്ളവരെ സഹായിക്കാം?